## (9) (1) ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്

2016 നവംബർ 2-ാം തീയതി 2016-ലെ കേരള നെൽവൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണത്തിനുശേഷം ഭരണഘടന അനുച്ഛേദം 348 (3) അനുസരിച്ച് ഗവർണ്ണറുടെ ആതറൈസേഷനോടുകൂടി പ്രസിദ്ധീകരിച്ച ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2014-15-ലെ ബഡ്ജറ്റിൽ ഫിനാൻസ് ബില്ലിന്റെ ഭാഗമായി നെൽവയൽ നികത്തുന്നതിന് കൊണ്ടുവന്ന വ്യവസ്ഥകൾ റദ്ദാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിലെ 3(a) വകുപ്പ് നെൽവയൽ നികത്തുന്നതിനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാലും 3-ാം വകുപ്പിൽ ഒഴിവാക്കൽ സംബന്ധിച്ച വ്യവസ്ഥ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്തതിനാലും ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിരിക്കുന്ന വിവരണവും ശരിയല്ലെന്നും നെൽവയൽ നികത്തുന്നത് സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിലോ ധനകാര്യ ബില്ലിലോ ഉൾപ്പെടുത്തിയിട്ടില്ലെന്നു മാത്രമല്ല, പ്രസ്തുത വ്യവസ്ഥ പിൻവലിക്കുന്നതിനുള്ള ഉദ്ദേശ്യകാരണവും ബില്ലിൽ വ്യക്തമാക്കിയിട്ടില്ലെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

(2) ബില്ലിലെ 3 എ വകുപ്പ് ഒഴിവാക്കിക്കൊണ്ട് ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

2016 നവംബർ 2-ാം തീയതി 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണത്തിനുശേഷം, കഴിഞ്ഞ ഗവൺമെന്റ് ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് നികത്തിയ നെൽവയലുകൾ 3(a) വകുപ്പ് ഫിനാൻസ് ബില്ലിന്റെ ഭാഗമാക്കി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ബില്ലിലെ 3-ാം വകുപ്പിലെ ഒഴിവാക്കലിൽ അങ്ങനെ ഏതെങ്കിലും അവകാശങ്ങളോ ബാദ്ധ്യതകളോ ഉണ്ടെങ്കിൽ അത് നിലനിൽക്കുമെന്ന് പറയുമ്പോൾ, ക്ലോസ് 3(a) പ്രകാരം ലഭിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ന്യായവിലയുടെ 25 ശതമാനം തുക അടപ്പിച്ച് റെഗുലറൈസേഷൻ നടപടിക്രമങ്ങൾ തുടരുമെന്നുമുള്ള നിലപാട് സ്വീകരിക്കുന്നതിലൂടെ ഇനിയുള്ള ആളുകൾക്ക് അതിനുള്ള അവസരം നിഷേധിക്കുന്നതും ശിക്ഷാനടപടികൾ സ്വീകരിക്കാതിരിക്കുന്നത് ആർട്ടിക്കിൾ 14-ന്റെ വയലേഷനാണെന്നും ക്ലോസ് 3(a)- യുടെ ഉദ്ദേശ്യകാരണങ്ങളിൽ

പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി ക്ലോസ് 3 ഒഴിവാക്കലിൽ കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഈ ഭേദഗതി ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവുമാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

പ്രസ്തുത ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും 2014-15 ബഡ്ജറ്റിനനുസൃതമായി 2015-ലെ ധനകാര്യ ആക്ടിൽ കൊണ്ടുവന്ന ഭേദഗതി 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3 (a) വകുപ്പ് പ്രസ്തുത ആക്ട് നിലവിൽ വരുന്നതിനുമുമ്പ് നെൽവയലുകൾ രൂപാന്തരപ്പെടുത്തുകയോ പരിവർത്തനപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ക്രമവത്കരിച്ചു നൽകുന്നത് വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ്. എന്നാൽ പ്രസ്തുത വകുപ്പ് റദ്ദാക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2008-ലെ കേരള-നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3(a) വകുപ്പ് വിട്ടുകളയുന്നതിനാണ് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നും നെൽവയലിന്റെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമാക്കി ക്രമവത്കരിച്ചു നൽകിയിട്ടുള്ള സംഗതികൾ അപ്രകാരമുള്ള ക്രമവത്കരണം സാധുവാക്കുന്നതിന് ഉതകുന്ന

തരത്തിലുള്ള വ്യവസ്ഥ ബില്ലിന്റെ 3-ാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ഭേദഗതി നിയമവിരുദ്ധമോ ഭരണഘടനാ വിരുദ്ധമോ അല്ല. ലഭ്യമായ 93058 അപേക്ഷകളിൽ അർഹമായ 56 എണ്ണത്തിന് ക്രമവത്കരണം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ഒരു വ്യവസ്ഥ നിലനിൽക്കുമ്പോൾ ആർജ്ജിക്കുന്ന അവകാശം നിലനിർത്തുകയും പ്രസ്തുത വ്യവസ്ഥ നീക്കം ചെയ്യുമ്പോൾ അതിനനുസൃതമായി ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നതും ആർട്ടിക്കിൾ 14-ന് വിരുദ്ധമല്ലാത്തതിനാൽ അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും

ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

" 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾ ശരിയല്ല. പ്രസ്തുത ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ 01-11-2016-ന് തന്നെ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനവുമായി ബന്ധപ്പെട്ട പ്രശ്നം സബ്ജക്ട് കമ്മിറ്റിയിൽ

---

* XIV KLA/II Session Vol.163 Report No. 21 dated 02-11-2016

പരിഗണിക്കാവുന്ന സാഹചര്യത്തിലും അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല"